ശേഷം ഐ.ഡി.ബി.ഐ, കെ.എസ്.ഐ.ഡി.സി, കാനറാ ബാങ്ക് എന്നിവയുടെ പ്രതിനിധികളും കമ്പനിയും സംയുക്തമായി സമർപ്പിച്ചിട്ടുള്ള പദ്ധതിയുടെ വയബിലിറ്റിയെക്കുറിച്ച് പഠനം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഐ.ഡി.സി. അഞ്ചു കോടി രൂപ നൽകുന്ന കാര്യം പരിഗണിക്കുമെന്നും വൈദ്യുതി നിരക്കിൽ ഉള്ള കുടിശ്ശിക സംബന്ധിച്ച് കമ്പനി പ്രതിനിധികളും വൈദ്യുതിബോർഡ് പ്രതിനിധികളും സംയുക്തമായി ചർച്ചചെയ്ത് പ്രശ്നം തീർക്കാമെന്നും തീരുമാനിച്ചു. ഇതിനിടയ്ക്ക് കമ്പനിയുടെ ബാധ്യത ബാങ്കുകളുടെ എൻ.പി.എ.യിൽ ഉൾപ്പെടുത്താതിരുന്നതിനാൽ പുതിയ ഫണ്ട് നൽകാൻ കഴിയില്ലെന്ന് ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും അറിയിച്ചു. വൈദ്യുതി ബോർഡിന് കമ്പനി വരുത്തിയിട്ടുള്ള കുടിശ്ശിക 17 കോടി രൂപയാണ്. അതിൽ വളരെ തുച്ഛമായ തുക മാത്രമേ കമ്പനി അടച്ചിട്ടുള്ളൂ. ഉല്ലുങ്കൽ പദ്ധതി പ്രാവർത്തികമായാൽ കുടിശ്ശിക അടയ്ക്കാമെന്ന കമ്പനിയുടെ നിലപാടിനോട് ബോർഡ് മുൻകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ യോജിച്ചില്ല. കുടിശ്ശികയുടെ ഒരു ഭാഗമെങ്കിലും അടച്ചുതീർക്കണമെന്ന നിലപാട് ബോർഡിനുണ്ട്. കമ്പനി അതിന്റെ കണക്കുകൾ പൂർത്തിയാക്കിയതു സംബന്ധിച്ച റിപ്പോർട്ടും വൈദ്യുതിബോർഡ് ഉല്ലുങ്കൽ പദ്ധതി സംബന്ധിച്ച പ്രവർത്തനറിപ്പോർട്ടും ലഭിച്ചശേഷം ബാങ്കിന്റെയും ധനകാര്യസ്ഥാപനങ്ങളുടേയും സംയുക്തമായ യോഗം വിളിച്ചുകൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കാര്യത്തിലുള്ള ബുദ്ധിമുട്ട് എന്നു പറയുന്നത്, പറയുന്നതൊന്നും ചെയ്യുന്നത് മാനേജ്മെന്റല്ല എന്നുള്ളതാണ്. ചെയ്യുന്ന കാര്യത്തിലാണെങ്കിൽ, കൊടുക്കുന്ന പണമെല്ലാം ഡൈവർട്ട് ചെയ്തുപോകുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. അതിനു പരിഹാരമുണ്ടാക്കാനാണ് പരിശ്രമിക്കുന്നത്. പല കാര്യങ്ങളും ഗവൺമെന്റ് യോഗം വിളിച്ചുകൂട്ടി നിരവധി പ്രാവശ്യം ചർച്ചചെയ്തതാണ്. കെ.എസ്.ഐ.ഡി.സി.യും മറ്റു ധനകാര്യസ്ഥാപനങ്ങളുടക്കം മുൻകൈ എടുത്താൽ മാത്രമേ പദ്ധതി പൂർത്തിയാക്കാൻ കഴിയൂ. അതിനാണ് യോഗം വിളിച്ചുകൂട്ടി കാര്യങ്ങൾ തീരുമാനിക്കാൻ ശ്രമിക്കുന്നത്. റയോൺസ് കമ്പനിക്ക് കൊടുക്കുന്നതുപോലെ ലളിതമായൊരു പ്രക്രിയയല്ല ഈ സ്ഥാപനത്തിനു കൊടുക്കുന്നത്. റയോൺസ് കമ്പനി മിക്കവാറും ഗവൺമെന്റിന്റെ പൂർണ്ണമായ നിയന്ത്രണത്തിലാണ്.

(20) അംഗൻവാടി ജീവനക്കാർക്ക് സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ച്

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : സർ, കേരളത്തിലെ നാൽപ്പതിനായിരത്തിലധികം വരുന്ന അംഗൻവാടി ജീവനക്കാർക്ക് സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നൽകണമെന്നതാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. നാട്ടിൻപുറങ്ങളിലെ അമ്മമാരുടെയും കുഞ്ഞുങ്ങളുടേയും ആരോഗ്യ സംരക്ഷണത്തിലൂടെ ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിന് തുച്ഛമായ വേതനം പറ്റി പണിയെടുക്കുന്നവരാണ് അംഗൻവാടി ജീവനക്കാർ. 100 ശതമാനം സ്ത്രീകളാണ് അംഗൻവാടി ജീവനക്കാരായി പണിയെടുക്കുന്നത്. ഇവരുടെ പ്രവർത്തനം അംഗീകരിച്ചുകൊണ്ട് നമ്മുടെ സർക്കാർ ഓണറേറിയത്തിൽ 100 രൂപയുടെ വർദ്ധനവ് അനുവദിച്ചുനൽകിയതാണ്. കഴിഞ്ഞ ബഡ്ജറ്റിൽ വീണ്ടും 100 രൂപയുടെ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതുവരെ നടപ്പിലാക്കാത്തതിൽ തുച്ഛവരുമാനക്കാരായ ഇവർക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ട്. അത് അനുവദിച്ചു നൽകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊന്ന്, ഇവരിൽ 25 ശതമാനം പേരെ സൂപ്പർവൈസർമാരായി നിയമിക്കാനായി ഇപ്പോൾ തീരുമാനമായിട്ടുണ്ട്. ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായി നിലവിലുള്ള പി.എസ്.സി.റാങ്ക്‌ലിസ്റ്റിൽ നിന്നും ഉള്ളവരെ പോസ്റ്റ് ചെയ്യണം. 25 ശതമാനം അംഗൻവാടി സൂപ്പർവൈസർമാരായി അംഗൻവാടി ജീവനക്കാരെയും പോസ്റ്റ് ചെയ്യണം. അവിഹിതവും അനധികൃതവുമായി കരാറടിസ്ഥാനത്തിൽ ജോലിക്ക് കയറിയവരാണ് ഇപ്പോഴും സൂപ്പർവൈസർമാരായി തുടരുന്നത്. അർഹതപ്പെട്ടവരെ മാത്രം പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്നും അംഗൻവാടി ജീവനക്കാരിൽ നിന്നും നിയമിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, അംഗൻവാടി ജീവനക്കാർക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 100 രൂപ നൽകുകയുണ്ടായി. അതുകൂടാതെ വീണ്ടും 100 രൂപ കൂടി കൊടുക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അത് കഴിയുന്നത്ര വേഗം നടപ്പാക്കാനുള്ള നടപടികളാണ് ഗവൺമെന്റ് എടുത്തുവരുന്നത്. അതിവേഗത്തിൽ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പി.എസ്.സി. റാങ്കുലിസ്റ്റിൽ നിന്നും 278 പേരെ നിയമിച്ചുകഴിഞ്ഞു. ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അംഗൻവാടി അദ്ധ്യാപകർക്ക് 25 ശതമാനം റിസർവേഷനുണ്ട്. ആ റിസർവേഷൻ പി.എസ്. സി. ടെസ്റ്റ് നടത്തി, ആളുകളെ തെരെഞ്ഞെടുത്തുവെങ്കിൽ മാത്രമേ നിയമിക്കാൻ കഴിയുകയുള്ളൂ. അവർക്കുള്ള 25 ശതമാനം റിസർവേഷൻ മാറ്റിവച്ചിട്ടുണ്ട്. അതിൽ യാതൊരു കുറവും വരികയില്ല. പി.എസ്.സി. അതിനുള്ള നടപടിക്രമങ്ങൾ എടുത്ത് വേഗത്തിൽ ലിസ്റ്റ് തരണമെന്ന് പി. എസ്.സി.-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അത് അതിവേഗത്തിൽ ചെയ്യുന്നതാണ്.

(21) മാവൂർ ഗ്വാളിയർ റയോൺസ് കമ്പനി തുറന്നു പ്രവർത്തിപ്പിക്കണമെന്ന ആവശ്യം

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, 20 മാസത്തിലധികമായി മാവൂർ ഗ്വാളിയർ റയോൺസ് കമ്പനി അടഞ്ഞു കിടക്കുകയാണ്. 3600 തൊഴിലാളികൾ നേരിട്ടും അനുബന്ധമായി പതിനായിരത്തോളം തൊഴിലാളികളും ജോലിയെടുത്തുവന്ന ഒരു സ്ഥാപനമാണ്. പൾപ്പ് ഇറക്കുമതിയാണ് പ്രധാനപ്പെട്ട പ്രശ്നമെന്ന് പറഞ്ഞുകേൾക്കുന്നു. അതിൽ വസ്തുതയുണ്ടോ എന്നുള്ളത് വ്യക്തമാക്കണം. കേന്ദ്രഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ള, നരസിംഹറാവു ഗവൺമെന്റ് കൊണ്ടുവന്ന ഉദാരവൽക്കരണത്തിന്റെ ഭാഗമായാണ് ഇതു സംഭവിക്കുന്നത്. പ്രസ്തുത കമ്പനി തുറന്നു പ്രവർത്തിപ്പിക്കാനുള്ള സത്വര നടപടി എടുക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, മാവൂർ ഗ്രാസിം കമ്പനിയുടെ പൾപ്പ് ഡിവിഷനും സ്റ്റേപ്പിൾ ഫൈബർ ഡിവിഷനും അടച്ചുപൂട്ടുന്നതിന് അനുവാദം ചോദിച്ചുകൊണ്ട് ഗ്രാസിം മാനേജ്മെന്റ് 23.8.1999-ന് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ 25-ം വകുപ്പുപ്രകാരം സർക്കാർ മുമ്പാകെ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, അന്തരീക്ഷ മലിനീകരണ പ്രശ്നങ്ങൾ, തൊഴിലാളികളുടെ ശമ്പള വർദ്ധനവിനായുള്ള സമ്മർദ്ദ. വൈദ്യുതി നിരക്കിലുണ്ടായ വർദ്ധനവ്, കമ്പനിയുടെ സാമ്പത്തിക നഷ്ടം എന്നിവയാണ് അടച്ചുപൂട്ടലിനുള്ള കാരണങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly